"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- പി.എം.എ.വൈ. (നഗരം)-ലൈഫ് പദ്ധതി- ജിയോ ടാഗിംഗിനുള്ള ഫീസ് ഒരു ഘട്ടത്തിന് 40 രൂപയിൽ നിന്ന് 50 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.2508/2023/LSGD തീയതി,തിരുവനന്തപുരം, 16-12-2023

---

പരാമർശം:- 1. 08-08-2023 ന് ചേർന്ന 23- ാമത് SLAC യോഗ തീരുമാനം

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19-09-2023 ലെ 7324/N/16/KSHO നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പി.എം.എ.വൈ. (നഗരം)- ലൈഫ് പദ്ധതി പ്രകാരം അംഗീകരിച്ച വീടുകളുടെ നിർമ്മാണ പുരോഗതി ജിയോടാഗിംഗ് വഴിയാണ് വിലയിരുത്തുന്നത്. നിലവിൽ ഒരു പാർപ്പിട യൂണിറ്റിന്റെ ജിയോടാഗിംഗ് ചെയ്യുന്നതിന് സർവേയർക്ക് 200 രൂപയാണ് (@Rs 40/5 സ്റ്റേജ് ) നൽകുന്നത്. 2017 ൽ നിശ്ചയിച്ചിരുന്ന ഫീസ് ഇതുവരെയും വർദ്ധിപ്പിച്ചിട്ടില്ല. പരാമർശം 1 ലെ SLAC യോഗ തീരുമാന പ്രകാരം ജിയോടാഗിംഗിനുള്ള ഫീസ് ഒരു ഘട്ടത്തിന് 40 രൂപയിൽ നിന്ന് 50 രൂപയായി ഉയർത്താൻ തീരുമാനിക്കുകയും, കേന്ദ്ര ഭവനനിർമ്മാണ നഗരകാര്യ വകുപ്പ് പുറപ്പെടുവിച്ച ടേംസ് ഓഫ് റഫറൻസ് (ToR) പ്രകാരം സർവേയർക്ക് അധിക തുക ആവശ്യമെങ്കിൽ സംസ്ഥാന സർക്കാരിന് നൽകാവുന്നതിനാലും, ഈ തുക പി.എം.എ.വൈ. (നഗരം) പദ്ധതിയുടെ നഗരസഭാ വിഹിതത്തിൽ 2018-19 സാമ്പത്തിക വർഷം (സ്കീം നം. 21262 ) KURDFC നഗരസഭകൾക്കായി എടുത്ത 1000 കോടി രൂപ HUDCO വായ്പയുടെ പലിശയിൽ നിന്നും കണ്ടെത്തുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യാനും കമ്മിറ്റി തീരുമാനിരുന്നു. തുടർന്ന് പി.എം.എ.വൈ. (നഗരം)- ലൈഫ് പദ്ധതി പ്രകാരം അംഗീകരിച്ച വീടുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനുള്ള ജിയോ ടാഗിംഗിന്റെ ഫീസ് വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ. (നഗരം)- ലൈഫ് പദ്ധതി പ്രകാരം അംഗീകരിച്ച വീടുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്ന ജിയോടാഗിംഗിനുള്ള ഫീസ് ഒരു ഘട്ടത്തിന് 40 രൂപയിൽ നിന്ന് 50 രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും, അധികമായി ആവശ്യമുള്ള തുക പി.എം.എ.വൈ. (നഗരം) പദ്ധതിയുടെ നഗരസഭാ വിഹിതത്തിൽ 2018-19 സാമ്പത്തിക വർഷം KURDFC നഗരസഭകൾക്കായി എടുത്ത 1000 കോടി രൂപ HUDCO വായ്പയുടെ (സ്കീം നം. 21262 ) പലിശയിൽ നിന്നും

കണ്ടെത്തുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ.പി.ആർ.ഡി., തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba S C
Date: 16-12-2023 12:13:42
സെക്ഷൻ ഓഫീസർ